അപകട സാദ്ധ്യത കൂടിയ മേഖലകളിൽ Accident Prone Area എന്ന് എഴുതിയിട്ടുള്ള ബോർഡുകളും ബ്ലിങ്കർ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ സീബ്രാ ലൈനുകൾ, മുന്നറിയിപ്പ് ബോർഡുകൾ, സെന്റർ ലൈനുകൾ, എഡ്ജ് ലൈനുകൾ എന്നിവ സുരക്ഷാ നടപടികളുടെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ മേഖലകളിൽ സ്പീഡ് ലിമിറ്റിംഗ് സൈൻ ബോർഡുകളും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ മേഖലകളിൽ മറ്റ് വിവിധ സൈൻ ബോർഡുകളും ആവശ്യമായ സ്ഥലങ്ങളിൽ ബസ് ബേകളും സ്ഥാപിച്ചു വരുന്നു. കേരളാ റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് ചെയ്തു വരുന്ന തിരുവനന്തപുരം നഗര വികസന പദ്ധതിയിൻ കീഴിലുള്ള നാലുവരിപ്പാതകളിൽ സെൻട്രൽ മീഡിയനുകളും ഇരു വശങ്ങളിലും ടൈലുകൾ പാകിയ നടപ്പാതകളും നിർമ്മിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി കേരളാ റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് പ്രവൃത്തി ചെയ്ത റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ബസ് ബേ നിർമ്മിച്ചിട്ടുണ്ട്. കരമന മുതൽ കളിയിക്കാവിള വരെയുള്ള ദേശീയ പാതയിൽ പുതിയ 21 ബസ് ബേകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കേരളത്തിലുടനീളം ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ നിർദ്ദേശപ്രകാരമുള്ള ബസ് ബേകൾ നിർമ്മിക്കുന്നതിനുള്ള വിശദമായ ശുപാർശ സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അപകട സാദ്ധ്യത കൂടിയ പ്രദേശങ്ങളിലും സ്കൂൾ മേഖലകളിലും സ്പീഡ് ക്യാമറകളും ബ്ലിങ്കിംഗ് ലൈറ്റുകളും സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ദേശീയപാതാ വികസനം

159 (5864) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാത വികസനം 30 മീറ്റർ വീതിയിൽ നടത്തണമെന്ന് സംസ്ഥാന സർക്കാരിന്റെ ആവശ്യം അനുവദിക്കാൻ കഴിയില്ല എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകിയ നിവേദനത്തിന്മേൽ എന്ത് തീരുമാനമാണ് സ്വീകരിച്ചതെന്ന് സംസ്ഥാന സർക്കാരിന് കേന്ദ്രത്തിന്റെ ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സമവായം ഉണ്ടാക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ വീണ്ടും സർവ്വകക്ഷി യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഈ യോഗം ചേരുന്നത് ;

(ഡി) ഇക്കാര്യത്തിൽ അടിയന്തര തീരുമാനം ഉണ്ടാകുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അറിയിച്ചിട്ടില്ല.

(ബി) ഇല്ല.

(സി & ഡി) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ നിവേദനത്തിന്മേൽ കേന്ദ്രസർക്കാരിന്റെ ഔദ്യോഗികമായ പ്രതികരണം ലഭിച്ചതിനുശേഷം മാത്രമേ ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കുവാൻ കഴിയുകയുള്ളു.

ഹിൽ ഹൈവേയുടെ നിർമ്മാണം

160 (5865) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഹൈവേയുടെ നിർമ്മാണത്തിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദീകരിക്കുമോ ;

(ബി) ഇതിനായി ഭൂമി ഏറ്റെടുക്കുകയും അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്ത എത്ര ഘട്ടങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി നൽകിയിട്ടുണ്ട് ; ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഇതിനായി എന്തു തുക ചെലവഴിച്ചു ;

(ഡി) ഈ വർഷം ഏതൊക്കെ പുതിയ ഘട്ടങ്ങൾക്ക് നിർമ്മാണാനുമതി നൽകുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇതിനായി ഈ വർഷം എന്തു തുക ചെലവഴിക്കാൻ കഴിയും എന്നറിയിക്കുമോ ?

ഉത്തരം

(എ) 'ഹിൽ ഹൈവേ' യുടെ പ്രാഥമിക പഠനം പൂർത്തിയാക്കി. നാറ്റ്പാക് സമർപ്പിച്ച രൂപരേഖ (അലൈൻമെന്റ്) സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഓരോ ജില്ലയിലേയും ഹിൽ ഹൈവേയുടെ ഭാഗമായ റോഡുഭാഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly